(ബി) പാലക്കാട് ജില്ലയിലെ എൽ.ഡി.സി. നിയമനത്തിനുള്ള റാങ്ക് പട്ടിക 31-3-2015-ന് നിലവിൽവന്നു. ടി ലിസ്റ്റിൽ നിന്നുള്ള നിയമന നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വകുപ്പുമേധാവികൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശനനടപടി സ്വീകരിക്കുന്നതാണ് എന്ന് വിവിധ ഉത്തരവുകൾ/ പരിപത്രങ്ങൾ എന്നിവയിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ആശ്രിത നിയമന പദ്ധതി

44 (1748) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ആശ്രിത നിയമനം സംബന്ധിച്ച് എടുത്തിട്ടുള്ള പ്രധാന തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് പ്രത്യേക ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പികൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) 3-2-2012-ലെ സ.ഉ.(പി) നമ്പർ 6/12/ഉഭപവ പ്രകാരം, ഡ്യൂട്ടിക്കിടെ സംഭവിക്കുന്ന അപകടംമൂലം മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് "ഔട്ട് ഓഫ് ടേൺ" പ്രയോറിറ്റി അനുവദിക്കുകയുണ്ടായി. 6-7-2012-ലെ GO(MS) 174/12/GAD പ്രകാരം 549-ഉം 2-9-2013-ലെ GO(MS) 249/13/GAD പ്രകാരം 356-ഉം 2-6-2014-ലെ ജി.ഒ. (എംഎസ്) 131/14/GAD പ്രകാരം 3-ഉം 6-11-2014-ലെ GO(MS)307/14/GAD പ്രകാരം ഒന്നും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ആശ്രിത നിയമനം നൽകിയിട്ടുണ്ട്. 21-7-2014-ലെ സ.ഉ.(എംഎസ്) നമ്പർ 22/14/ ഉഭപവ പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നടത്തിയ നിയമനങ്ങൾ ക്രമീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതുകൂടാതെ 26-9-2014-ലെ സ.ഉ.(പി) നമ്പർ 33/14/ഉഭപവ പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷകരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly